07/01/2020

DESPATCHED On 24/1/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No.1555(4)/2015/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.10010/*എസ്.ഐ.സി–ജി 2/2015***

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.എൻ. സോമസുന്ദരൻ,
സത്ഗമയ,
ശങ്കരംകുളം, കണ്ടാണശ്ശേരി പി.ഒ,
തൃശ്ശൂർ– 680 102.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
   സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം,
   പി.ബി. നം.185,
   തിരുവനന്തപുരം–1.

2. അപ്പീൽ അധികാരി &
   സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ,
   സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ
   കാര്യാലയം, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.06.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.06.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12.06.2015 |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ തലശ്ശേരി കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 1990–91 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം ആഡിറ്റർ സമർപ്പിച്ചിട്ടുള്ള സ്പെഷ്യൽ റിപ്പോർട്ട്, പ്രസ്തുത ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനത സംഗ്രഹത്തിന്റെ പകർപ്പ്, മേൽ വിവരിച്ച സ്പെഷ്യൽ റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി അഡീഷണൽ രജിസ്ട്രാർ ശ്രീമതി. കെ.എം. മേരി സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പ് എന്നിവ ആവശ്യപ്പെട്ടിട്ട് സ്പെഷ്യൽ റിപ്പോർട്ടും അതിന്മേൽ സഹകരണ രജിസ്ട്രാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങളും ലഭിച്ചില്ല എന്നാണ് അപ്പീൽ ഹർജിക്കാരന്റെ പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 01.07.2015 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 06.07.2015 ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു.

3. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ 24 വർഷം മുൻപുള്ളതാണെന്നും, ആയവ തന്റെ ഓഫീസിൽ ലഭ്യമല്ലാത്തതാണെന്നും, സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ജില്ലാ ആഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടർ ഓഫീസിൽ ആയതിനാൽ ടി അപേക്ഷയുടെ പകർപ്പ് കണ്ണൂർ ആഡിറ്റ് വിഭാഗം ജെ.ഡി ക്ക് അയച്ചുകൊടുക്കുകയും വിവരം ലഭ്യമാക്കാൻ നിർദേശിക്കുകയും ചെയ്തിരുന്നുവെന്നും കണ്ണൂർ ജോയിന്റ് ഡയറക്ടർ ഓഫീസിലെ എസ്.പി.ഐ.ഒ 1990–91 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റിലെ ന്യൂനതാ സംഗ്രഹത്തിന്റെ പകർപ്പ് അപേക്ഷകന് നൽകുകയും മറ്റുള്ള രേഖകളുടെ പകർപ്പ് ലഭ്യമല്ല എന്നുള്ള വിവരം ടിയാനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന് റിപ്പോർട്ടിൽ പറഞ്ഞു.

RIGHT TO INFORMATION

4. ഇതിന് ശേഷം കമ്മീഷൻ 06.01.2020 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് മാത്രമാണ് നൽകാതിരുന്നതെന്നും, ഇതിനിടയിൽ ഓഫീസ് പലതവണ പല കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയതുകൊണ്ട് ഇവ കണ്ടെത്താൻ സാധിക്കാതെ വന്നിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പറഞ്ഞു.

6. 24 വർഷം പഴക്കമുള്ള വിവരങ്ങൾ കണ്ടെത്താൻ കഴിയുന്നില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദത്തിൽ യുക്തിയുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടെന്നാണ് അപ്പീൽ ഹർജിക്കാരന്റെ ആരോപണം. ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ഫയൽ കാണാതാകുന്നതിൽ ദുരൂഹത സംശയിക്കുന്നത് സ്വാഭാവികമാണ്. 08.06.2015 ൽ ഒന്നാം അപ്പീലധികാരി പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ ടി വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അതിന് ശേഷം ഇപ്പോൾ 4 1/2 വർഷം പിന്നിട്ടിരിക്കുന്നു. ഈ കാലയളവിനുള്ളിൽ ടി രേഖകൾ കണ്ടെത്താൻ കഴിഞ്ഞോ എന്ന കാര്യം വ്യക്തമാക്കപ്പെടേണ്ടതുണ്ട്. അത്തരത്തിൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ എന്ന കാര്യം എതിർകക്ഷികൾ ഈ ഉത്തരവ് കൈപ്പറ്റി 2 ആഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരനെ അറിയിക്കേണ്ടതും, വിവരം കമ്മീഷനെ ധരിപ്പിക്കേണ്ടതുമാണ്. ഒരു

തരത്തിലും ഈ രേഖകൾ കണ്ടെത്താൻ കഴിയുന്നില്ല എങ്കിൽ, വിവരാവകാശ നിയമം 18(3) (സി) വകുപ്പു പ്രകാരം എതിർകക്ഷികൾ കമ്മീഷന് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്നും നിർദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 07.01.2020 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re